# പദ്യമഞ്ജരി

## രണ്ടാം ഭാഗം

പരിഷ്കരിച്ച പതിപ്പ്.

(കഥനം)

---

പ്രസാധകൻ,

റാവുസാഹിബ്, മഹാകവി,

**ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,**

എം. ഏ., ബി. എൽ.

---

പ്രകാശകർ,

പിള്ള ആൻഡ് സൺസ്,

ചാല—തിരുവനന്തപുരം.

വില ചക്രം 4

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# പദ്യമഞ്ജരി

## രണ്ടാം ഭാഗം.

പരിഷ്കരിച്ച പതിപ്പ്.

(കഥനം)

---

പ്രസാധകൻ,

റാവുസാഹിബ്, മഹാകവി,

**ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,**

എം. ഏ., ബി. എൽ.

---

പ്രകാശകർ,

ആർ. ററി. പിള്ള ആൻഡ് സൺസ്,

ചാല—തിരുവനന്തപുരം.

പകർപ്പവകാശം പ്രസാധകനിൽ.

20-ാം പതിപ്പ്—കാപ്പി 1000

ശ്രീധര പ്രിന്റിംഗ് ഹൗസ്, തിരുവനന്തപുരം.

1121

എല്ലാ പ്രതികളിലും പ്രസാധകന്റെ മുദ്ര ഉണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

# വിഷയസൂചി


1. ഈശ്വരപ്രാർത്ഥന.
2. സുഭാഷിതങ്ങൾ.

നടുവത്തു് അച്ഛൻ നമ്പൂതിരി.

3. ബാലലീല.

ചെറുശ്ശേരി.

4. തത്തമ്മ.
5. വിളക്ക്.
6. പനിനീർച്ചെമ്പകം.
7. പറയുകയും കേൾക്കുകയും.

കുഞ്ചൻനമ്പ്യാർ.

8. പൂവൻകോഴി.
9. ഒരു കുട്ടിയും പാവയും.
10. സൂര്യൻ.
11. ദുഷ്ടനായ കുട്ടൻ.
12. കൈയ്യൂക്ക്.

കുഞ്ചൻനമ്പ്യാർ.

13. അരയന്നത്തിനു പററിയ അമളി.

വെണ്മണി മഹൻ നമ്പൂതിരി.

14. ശ്രീചിത്തിരതിരുനാൾ.


Digitized By Kerala Sahitya Akademi

# പദ്യമഞ്ജരി

രണ്ടാം ഭാഗം.

## ഈശ്വരപ്രാർത്ഥന.

---

കരുണചെയ്യണേ—നീ ദൈവമേ!
കരളിൽ വാഴണേ!

കളവകന്നു നിൻ—കൺകോണെന്നിൽ
കളികളാടണേ!

ശരണമേവനും—സർവ്വേശ! നിൻ
ചരണമല്ലയോ?

തരണമേ വരം—ഞാൻ മാന്യനായ്
വരണമേ വിഭോ!

ഉലകശേഷവും—നീയല്ലയോ
നിലയിൽ നിർത്തുവോൻ?

തല വണങ്ങിനേ—നെന്നിൽ പ്രഭോ!
നലമിയററണേ!

അടിയനല്പമൊ—ന്നങ്ങോട്ടിങ്ങോ-
ട്ടടിപിഴയ്ക്കൊലാ!

അടിയുമററവും—നേരാവാൻ നി-
ന്നടികളാശ്രയം.

പറവയും പുല്ലും—നിൻ സൃഷ്ടിയെ-
ന്നറിയണേ വിഭോ!

പറയണേ സത്യം!—പാരിന്നെന്നാൽ
നിറയണേ ശുഭം!

Digitized By Kerala Sahitya Akademi

## 2. സുഭാഷിതങ്ങൾ

തന്നെക്കാൾ യോഗ്യരില്ലാരു-
മെന്നിരുന്നു മദിക്കുകിൽ
നിന്ദിക്കും സജ്ജനം പാരം;
കുന്നിക്കും ദുരിതം ദൃഢം.

ഏതവർക്കും സഹായങ്ങൾ
ചെയ്തുകൊള്ളണമെപ്പൊഴും;
ആതുരന്മാരിലത്യന്തം
ചേതസ്സിലലിവേറണം.

"എന്നിലും യോഗ്യരാണിന്നീ
മന്നിലുള്ളവരൊക്കയും."
എന്നു ചിന്തിച്ചുകൊള്ളേണ-
മെന്നാലേ നന്മയായ്‌വരൂ.

ഉപകാരങ്ങൾ ചെയ്തോരെ-
ക്കൃപകൂടാതൊരിക്കലും
അപകാരികളാക്കിത്തീ-
ർത്തപമാനിച്ചു പോകൊലാ.

പാരം ഗുണങ്ങൾ വന്നിങ്ങു
ചേരാനുണ്ടെന്നിരിക്കിലും
നേരുകേടൊരുനേരത്തു-
മാരോടും ചെയ്തുപോകൊലാ.

Digitized By Kerala Sahitya Akademi

പിച്ചതെണ്ടി നടപ്പോരെ-
പ്പുച്ഛിക്കൊല്ലൊരു നേരവും ;
ഇച്ഛപോലെയവൎക്കായി
വാഗ്ദത്തം; നല്കിടേണമേ.

പണം കര്‍റുചെയ്തിട്ടു
തുണചെയ്യൊല്ലൊരുത്തനും ;
തൃണം പണം ; മനസ്സാക്ഷി-
ക്കിണങ്ങാത്തതു ചെയ്യൊലാ.

സത്തുക്കളാദരിപ്പോരു
കൃത്യമൊക്കെയുമുത്തമം ;
മൊത്തത്തിലവർ കൈവിട്ട-
തൊത്തതല്ലതു നിന്ദ്യമാം.

നടുവത്തച്ഛൻ നമ്പൂതിരി.

## ൨. ബാലലീല.

മാലോകൎക്കുള്ളത്തിലാനന്ദമിങ്ങനെ
ചാലേ നല്കീടുന്ന ബാലകന്മാർ
ഭൂലോകംതന്നിലമിണ്ണുതുടങ്ങിനാർ
നൂതനമായൊരു കാന്തിയുമായ്.

Digitized By Kerala Sahitya Akademi

പാലഞ്ചും പുഞ്ചിരി തൂകിനിന്നീടിനാർ
നാലഞ്ചുനാളങ്ങു ചെന്നവാറേ;
മെല്ലെമെല്ലെയങ്ങിഴഞ്ഞു തുടങ്ങിനാർ
കല്ലിലും മണ്ണിലും പൂഴിയിലും.
മുട്ടുപിടിച്ചങ്ങു നിന്നുതുടങ്ങിനാ-
രൊട്ടുനാളങ്ങനെ ചെന്നവാറേ.
മുട്ടുപിടിച്ചു നിന്നൊട്ടു നടക്കയും
പെട്ടെന്നു വീഴ്കയും കേഴ്കയും,

അമ്മമാർ ചെന്നങ്ങു പെട്ടെന്നെടുക്കയു-
മെന്മകൻ വാഴ്കെന്നു ചൊല്ലുകയും;
അങ്കണംതന്നിൽ നടന്നുതുടങ്ങിനാർ
കിങ്കിണിതന്നൊലി പൊങ്ങപ്പിന്നെ.

വെണ്ണകാണുണ്ണി നിനക്കെന്നു ചൊല്ലുമ്പോൾ
പെണ്ണുങ്ങൾ ചാരത്തു തിണ്ണം ചെല്ലും.
വാഴപ്പഴത്തിന്റെ വാർത്തയെക്കേൾക്കുമ്പോൾ
വായുംപിളർന്നവർ മുമ്പിൽച്ചെല്ലും.

പാല്ച്ചോറുകേൾക്കുമ്പോളാച്ചിമാർപിന്നാലേ
പാച്ചിൽ തുടങ്ങീടും പാരംപിന്നെ.
വെള്ളമെന്നിങ്ങനെ ചൊല്ലിനിന്നീടിലോ
വെള്ളമുറന്നെഴും നാവിലപ്പോൾ.

ചെറുശ്ശേരി.

Digitized By Kerala Sahitya Akademi

# ൪. തത്തമ്മ.

പഞ്ചവർണ്ണപ്പെൺകൊടിയേ !
പൈങ്കിളിയേ ! വാ വാ !
വാടിടാമോ പൂമേനി ?
വന്നിരിയരികിൽ.

പൈദാഹം ഞാൻ നീക്കാം
പാല്പഴങ്ങൾ നല്കാം ;
നിന്നെത്തൊടില്ലേ ഞാൻ
നിന്നാണെൻതത്തേ !

മാണിക്കച്ചെഞ്ചുണ്ടും
മരതകക്കല്ലൊളിയും
കാണട്ടേ നന്നായ് ഞാൻ
കൺകളിരുംവണ്ണം ;

ഏതെല്ലാം ദിക്കുകൾ നീ-
യെത്ര ചുററിക്കണ്ടു ?
എന്തെല്ലാം വർത്തമാന-
മെന്നോടുണ്ടു ചൊല്ലാൻ ?

ഇങ്ങുമങ്ങും വാനിൽ മുറ-
യ്ക്കിഷ്ടംപോലേ പോവാൻ
ഇച്ചിറകു രണ്ടും നിന-
ക്കീശനല്ലോ തന്നു.

Digitized By Kerala Sahitya Akademi

എങ്ങുവേണമെന്നു വേണ-
മെത്രവേണം പോകാം!
നിന്റെ ഭാഗ്യംതന്നെ ഭാഗ്യം
നിൎണ്ണയം തത്തമ്മേ!
നീയതറിഞ്ഞീശ്വരനെ
നിത്യവും വാഴ്ത്തുന്നു:
നിന്നെത്തുണച്ചീടുന്നു
നീക്കമെന്യേ ദൈവം.

## ൨. വിളക്ക്.

അന്തിമയങ്ങിക്കഴിഞ്ഞാലുടൻതന്നെ
പൊന്തിപ്പരക്കുന്ന കൂരിരുട്ടെങ്ങുമേ;
കണ്ണടച്ചാലും തുറന്നാലുമൂഴിയും
വിണ്ണുമൊപ്പംതന്നെയെല്ലാം കരിനിറം.
രാവിനെപ്പട്ടപ്പകൽ പോലെയാക്കുവാ-
നീ വിളക്കത്രേ സഹായിപ്പതെപ്പൊഴും;
ഉൾക്കാമ്പിൽ വാഴ്കുമിരുളകററീടുവാ-
നിക്കണ്ട കട്ടികൾക്കാശാൻ കണക്കിനെ.
അല്ലേ! വിളക്കേ! തൊഴുന്നു; നീയല്ലാതെ-
നിക്കില്ല തുണയ്ക്കു ഞാൻ കണ്ണടപ്പോളവും;
നീയില്ലയെന്നാകിൽ ഞാനും കുരുടനു-
മായിട്ടു ഭേദമില്ലല്ലോ ശകലവും.

Digitized By Kerala Sahitya Akademi

# ൯. ഒരു പെൺകുട്ടിയും പാവയും.

മുന്നാളിലെന്നച്ഛനെനിക്കുതന്ന
പെൺപാവയൊന്നാന്തരമായിരുന്നു!
കാണുന്നവൎക്കുള്ള മനം കവൎന്നോ-
രപ്പാവയെപ്പോലെയതൊന്നുതന്നെ.

ചുരുണ്ടിരുണ്ടുള്ളൊരു കുന്തൽ; മേന്മേൽ-
ത്തുടുത്തുമിന്നുന്ന കവിൾത്തടങ്ങൾ;
തങ്കത്തകിട്ടിൻ നിറമാൎന്നമേനി-
യപ്പാവയെപ്പോലെയതൊന്നുതന്നെ.

കളിക്കുവാൻ ഞാനതുകൊണ്ടുചെന്നു
തളിൎത്ത റോസ്സിൻെറ ചുവട്ടിൽ വച്ചു;
കയൎത്തുവന്നമ്മ വിളിക്കകൊണ്ടു
തിരിച്ചെടുക്കാതെ മറന്നുപോന്നു.

പിന്നീടതെങ്ങെന്നു തിരിഞ്ഞുനോക്കി-
ക്കാണാഞ്ഞു മററം മുഴവൻ നടന്നു;
അപ്പാവ കിട്ടാതെയൊരാഴ്ചയോളം
കരഞ്ഞു കണ്ണീൎക്കടലിൽക്കുളിച്ചു.


കളഞ്ഞ റോസ്സിൻെറ ചുവട്ടിൽനിന്നും
കുറേക്കഴിഞ്ഞിട്ടതെനിക്കു കിട്ടി;
അതത്ര നന്നല്ല നമുക്കു വേണ്ടെ-
ന്നടപ്പമുള്ളാളുകളോതിടുന്നു.

Digitized By Kerala Sahitya Akademi

മുഖം ചതഞ്ഞും തലയോട്ടുടഞ്ഞും
കൈകാൽ മുറിഞ്ഞും നിറമൊക്കെ മാഞ്ഞും
കിടക്കിലെന്തിപ്പൊഴുമെന്റെ കണ്ണി-
ന്നപ്പാവയെപ്പോലെയതൊന്നുതന്നെ.

---

## ൧൦. സൂര്യൻ.



നിലയില്ലാതെ കിടന്നുമയങ്ങിടു-
മുലകിനെ വീണ്ടുമുണർത്തുവതിന്നായ്
പുലർകാലത്തുകിഴക്കൻ മലമേൽ
തലകാട്ടുന്നിതു കതിരവഭഗവാൻ.

മഷിപോലുള്ളോരിരുട്ടിനെയിപ്പോൾ
മഷിയിട്ടാലും കാണ്മാൻ വിഷമം;
കൂട്ടിൽജ്ജീവനമായ് പാഞ്ഞതോ
കൂട്ടിനകത്തതൊളിച്ചു കിടപ്പൂ.

അങ്ങനെവേണം രാമുപ്പത്തുമത്ര
ഞങ്ങളെയൊരുപടി ചുററിച്ചില്ലേ?

Digitized By Kerala Sahitya Akademi

നല്ലവെളിച്ചം വീണു; ജഗത്തി-
നല്ലലൊഴിഞ്ഞു; സുഖിക്കാം മേലിൽ.

പ്രാണപ്രദനാം പരമാത്മാവേ!
കാണത്തക്കൊരു പരദൈവതമേ!
ആറുമണിക്കെഴുന്നേല്ക്കും; പിന്നെയു-
മാറുമണിക്കു കിടക്കാൻ പോകും;

വേലയുമിളവും തുല്യം; തിരുവടി
കാലത്തിൻ വിലയറിവോൻതന്നെ.
ഈ നിയമത്തിന്നവസാനംവരെ
ഹാനിവരില്ല മുറയ്ക്കു നടക്കും;

അങ്ങനെയൊരുവക നിഷ്ഠയിരുന്നാൽ
ഞങ്ങളുമുലകിൽ ദുഃഖിക്കേണ്ട.
പണിയും വിശ്രമവും ശരിയാക്കാൻ
പണിയുള്ളവനേ പാടുകളുള്ളു.

---

## ൧൧. ദുഷ്ടനായ കട്ടൻ.

---

കട്ടൻ പതിവായൊരിക്കൽ—പരം
ദുഷ്ടത കാട്ടാൻ തുനിഞ്ഞു;
കണ്ടതും കേട്ടതുമെല്ലാ—മവൻ
കൊണ്ടുവായെന്നു വിളിക്കും;
മുറവും കൊടാഞ്ഞാൽ കരയും—വീണു
മുററത്തേ മണ്ണിലുരുളും;

Digitized By Kerala Sahitya Akademi

ചോറുണ്ണാനമ്മ വിളിച്ചാൽ—കേറി
ന്നൂറുതക്കങ്ങളുടക്കം;
മററുകിടാങ്ങളെത്തല്ലും—പല
ചോററും തെറിയും പറയും;
ഈ മട്ടനാൾക്കുറേച്ചെന്നു—വെറും
ശീമയായ്ക്കുട്ടൻ ചമഞ്ഞു;
അച്ഛനമ്മമാർ വെറുത്തു—വിട്ടു
കൊച്ചുങ്ങളെല്ലാമകന്നു;
വീട്ടിന്നു കൊള്ളാതെ തീർന്നു—കുട്ടൻ
കൂട്ടിന്നു താൻതന്നെയായി;
മിട്ടായി [illegible] തിന്നു—പിന്നെ
മുട്ടാളൻ ദീനത്തിൽവീണു;
നന്നായ്ക്കിടന്നു വലഞ്ഞു—പാവം
നിന്ദ ഉഴവൻ തുലഞ്ഞു.
'അമ്മ പറഞ്ഞതു കേൾക്കാ—മല്ല-
മെന്മേൽ കനിയണേ! തായേ!'
എന്നു വിളിച്ചു കരഞ്ഞു—തള്ള
വന്നു തലോടി മുകന്നു.
വേഗം മരുന്നു കൊടുത്തു—പൈതൽ
രോഗമകന്നു സുഖിച്ചു.
കില്ലററന്നേരം തുടങ്ങി—കുട്ടൻ
നല്ലവഴിക്കു വളന്നു.

Digitized By Kerala Sahitya Akademi

"ദീപം കൊളുത്തിയാൽ കൈകാൽ കഴുകണ-
മാപത്തുനീങ്ങുവാൻ ദൈവത്തെയോൎക്കണം;
പിന്നെ ക്രമത്തിൽ പഠിക്കേണ്ട പാഠങ്ങ-
ളൊന്നൊഴിയാതെ പഠിച്ചുതീൎത്തീടണം.
ഇച്ചൊന്നവണ്ണം നടക്കും കിടാങ്ങൾക്കു
നിശ്ചയം ശ്രേയസ്സു മേന്മേൽ വളൎന്നിടും"
എന്നെൻഗുരുനാഥനെന്നോടു ചൊന്നവാ-
ക്കെന്നുള്ളിലെന്നും മറവാതിരിക്കണം.

---

# ൯. പനിനീർച്ചെമ്പകം.

---

ഞാൻ നട്ടു വെള്ളമൊഴിച്ചുവളൎത്തൊരു
നല്ല റോസച്ചെടി പൂത്തുനില്പൂ.
പച്ചവില്ലീസിനെ വെല്ലുമിലകളും
പാരം തുടുത്തുള്ള പൂക്കളുമായ്
മുററുമഴക കലൎന്നിതു മിന്നുന്നു
മുററത്തിന്നേററാരലങ്കാരമായ്.
കണ്ടൊന്നു പണ്ടു കഴിച്ചു ഞാൻ വാഴുന്നു
കണ്ടാലും വാച്ചുതഴച്ചതിപ്പോൾ.
കല്യാണം വീട്ടിന്നു കൈവളൎത്തീടുന്നു;
കണ്ണും കരളും കവൎന്നിടുന്നു.
ഏററം വിരഞ്ഞൊരിമേനിയിൽ നീൎത്തുള്ളി-
യേററു വിളങ്ങുമിപ്പൂവിനെല്ലാം

Digitized By Kerala Sahitya Akademi

എന്തൊരുവൎണ്ണമിതെന്തൊരു മാർദ്ദവ-
മെന്തൊരു സൌരഭ്യമമ്പമ്പമ്പോ !
കൊച്ചുകിളികൾ മണപ്പിച്ചുനോക്കുന്നു ;
കോൽത്തേൻ നുകരുന്നു വണ്ടിനങ്ങൾ.
ഓമൽപ്പനിനീർമലരേ ! നിനക്കിപ്പോ-
ളൊപ്പമെന്തുള്ളതിപ്പാരിടത്തിൽ ?
സ്ഥായിക്കു താൾവെട്ടിച്ചിത്രമെഴുത്തുകാർ
ചായം തേച്ചാലതിവൎണ്ണമാമോ ?
ദൈവം മനുഷ്യനിവൎക്കുള്ള ഭേദത്തെ-
ത്തെററെന്നു നീ വിളിച്ചോതിടുന്നു.

---

## ൭. പറയുകയും, കേൾക്കുകയും.

---

വളമേറിന കണ്ടത്തിൽവിതച്ചാൽ
വിളവൊരുപത്തിനു സംശയമില്ല.
വളമില്ലാത്ത പറമ്പിൽ വിതച്ചാ-
ലളവേ വിത്തും കിട്ടുകയില്ല,
കണ്ടത്തിൻെറ ഗുണംകൊണ്ടേ വിള-
വുണ്ടാവുള്ളു വിതച്ചതിലധികം.
കൊണ്ടിഫ ചെന്നു വിതയ്ക്കുന്നവനെ-
ക്കൊണ്ടൊരുകാൎയ്യം വരുവാനില്ല.
നല്ലകൃഷിക്കാരൻ താൻ വിത്തൊരു
കല്ലിൽ വിതച്ചാൽ കരികേയുള്ളു.

Digitized By Kerala Sahitya Akademi

നല്ലൊരുവയലിലതുഴുതു വിതച്ചാൽ
നെല്ലൊരുനാഴിക്കൊരുപറവിളയും.
എന്നകണക്കേ കേൾക്കുന്നവരറി-
യുന്ന ജനങ്ങൾ മഹത്തുകളെങ്കിൽ
ഇന്നവനെന്നില്ലവനുടെ വാക്കുകൾ
നന്നെന്നും വരുമതിനുടെയൎത്ഥം.

കുഞ്ചൻനമ്പ്യാർ.

---

## വ്യ. പൂവൻകോഴി.

---

കുട്ടി—നേരം പുലൎന്നില്ല, ക്രൂരിരുൾ പോയില്ല,
സൂൎയ്യനുദിച്ചു കഴിഞ്ഞിട്ടില്ല;
ഈ വെളുപ്പാൻകാലത്തെന്നെയുണൎത്തുവാൻ
പൂവൻകോഴിക്കെന്തൊണിത്തിടുക്കം.
കോഴി! നീയെന്തിത്രനേരത്തേ കൂകുന്നു?
നാഴികയില്ലേ പുലരാൻ മേലും?
അച്ചിമാർ തൂത്തു തളിച്ചു തുടങ്ങീല;
പച്ചക്കിളികൾ ചിലയ്ക്കുന്നില്ല.
വെട്ടം കിഴക്കിപ്പോൾ വീണതേയുള്ളല്ലോ;
കുട്ടനുറങ്ങിയാലാൎക്കു ചേതം?

Digitized By Kerala Sahitya Akademi

കോഴി—അങ്ങനെ ചൊല്ലല്ലേ; നേരത്തുണന്നാലേ
മംഗളം നമ്മൾക്ക വന്നുകൂട്ടൂ.
ഓമനേ! കാലും മുഖവും കഴുകി നീ
നാമം ജപിക്കൂ! സമയമായി.
പിന്നീടു പാഠങ്ങൾ ദീപത്തിൻ മുന്നിൽവ-
ച്ചോന്നൊഴിയാതെ പഠിച്ചുകൊള്ളൂ;
അമ്പിളിയമ്മാവൻ മങ്ങിമറവതു-
മൻപിൽക്കതിരോനുയരുവതും;
നെന്മണിക്കാററിൽച്ചെടികളുലവതും,
മേന്മയിൽ വണ്ടുകൾ മൂളുവതും,
താമരതൊട്ടുള്ള പൂക്കൾ വിരിവതും
മാമരത്തിൽക്കുയിൽ പാടുവതും,
കാണാത്ത കണ്ണുകൊണ്ടെന്തുഫലം? കുഞ്ഞേ!
കാണാമതെല്ലാമുണർന്നിരിക്കൂ!
കുക്കംവലിക്കൊല്ലേയെന്നത്രേ നിത്യം ഞാൻ
കൊക്കൊക്കോയെന്നോതും വാക്കിനർത്ഥം.
നിങ്ങളെ നേരത്തേ തട്ടിയുണർത്തുവാ-
നിങ്ങനെയെന്നെച്ചമച്ചു ദൈവം.

—o—

Digitized By Kerala Sahitya Akademi

# ൧൨. ശൈക്ഷ്യകൾ

വിക്രമമുള്ള ജനത്തോടൊരുവൻ
നേക്കുകയില്ലത്രു ബോധിച്ചാലും.

അക്കനുദിക്കും നേരമിരുട്ടുക-
ളൊക്കെജ്ജടിതിയൊളിക്കുന്നില്ലേ?

വല്ലജനത്തിനുമുഷ്ണാവറവാ-
ലില്ലൊരുനേരം സുഖമിപ്പാരിൽ.

മന്ദതയുള്ളൊരു ചന്ദ്രനെ രാഹുവു-
മന്നന്നാശു വിഴുങ്ങീടുന്നു.

പെരികെക്കാലം പണിപെട്ടെന്നാ-
ലൊരുദിനമൊക്കും രവിയെ വിഴുങ്ങാൻ.

എന്നതുകൊണ്ടിഹ ബലവാന്മാരൊടു
നിന്നുപിണങ്ങുന്നവരു ചുരുക്കം.

കണ്ടകമുള്ളൊരു വള്ളികൾ കണ്ടാൽ
മണ്ടും നല്ല സമർത്ഥന്മാരും;

കണ്ടകമില്ലെന്നാകിലതെല്ലാം
കണ്ടവർ ചെന്നു വലിച്ചു പറിക്കും.

കുഞ്ചൻനമ്പ്യാർ

Digitized By Kerala Sahitya Akademi

# ൧൨. അരയന്നത്തിന്റെ പററിയ അമളി

പണ്ടൊരുകാലമൊരരയന്നത്തിന്നു
ചെണ്ടപിണഞ്ഞതു കേൾക്കുവിൻ, നിങ്ങൾ
കൊണ്ടൽ ചളിബഹുചളുവളയായൊരു
കണ്ടത്തിന്റെ വരമ്പത്തനവധി
കൊററികൾ ഞണ്ടും ഞവണിയുമിവക
പററിയണഞ്ഞഥ കൊത്തിവിഴുങ്ങി-
ക്കൊററു കഴിച്ചമരുമ്പൊളൊരന്നം
തെററന്നവിടെച്ചെന്നാനൊരുനാൾ.
ഞാനൊരു ഹംസമതാണു വരുന്നതു
മാനസമതിൽ നിന്നെന്നുരചെയ്തു.
ഊനമകന്നെന്തുള്ളതുമവിടെ-
ത്താനുരചെയ്യെന്നായി ബകങ്ങൾ.
പൊൻതാമരകളുമമൃതൊളിജ്ജലവും
ചന്തമൊടുണ്ടെന്നന്നം ചൊന്നാൻ.
"അട്ടകളില്ലേ? ഞണ്ടില്ലേ? തേ-
രട്ടകളില്ലേ? ഞാഞ്ഞൂളില്ലേ?"
കിട്ടില്ലീവകയെന്നതിനുത്തര-
മൊട്ടും ക്രൂരതന്നം ചൊന്നാൻ.

Digitized By Kerala Sahitya Akademi

ഇത്തരമന്നം ചൊന്നതുകേട്ടു പെ-
രുത്തൊരു പരിഹാസത്തോടു കൊററിക-

ളൊത്തൊരുമിച്ചൊരു ഹീഹീരവമതു
സത്വരമവിടെ മുഴക്കിസ്സരപ്പാർ.

“എന്തിനുകൊള്ളാം നിന്നേ ? നീ സുഖ-
മെന്തറിയുന്നിതു ? വന്നൊരു വഴിയേ

ഹന്ത ! തിരിച്ചു നടക്കുക ; നിന്നുടെ
ചന്തം കണ്ടാൽ ചതുരംതന്നെ !”

കൂട്ടത്തോടവരിങ്ങനെ കലശലു
കൂട്ടിക്കററിനം കളഹംസത്തെ

ആട്ടിപ്പാച്ചുകളഞ്ഞാരകഥ
കേട്ടിട്ടില്ലാത്താളുകളുണ്ടോ ?

നിന്ദ്യന്മാരോടു കൂടുകിലിങ്ങനെ
വന്നിടുമമളി മിടുക്കന്മാൎക്കും.

വെണ്മണി മഹൻനമ്പൂതിരിപ്പാട്.

---

Digitized By Kerala Sahitya Akademi

# ൧൪. ശ്രീചിത്തിരതിരുനാൾ

പൊന്നുതിരുവിതാംകോടേ !—മേന്മേൽ
മന്നിൽ പുകളാന്നിടും വഞ്ചിനാടേ !

ഭൂവിന്നു മാണിക്കക്കല്ലേ !—നിന്നെ-
സ്സേവിക്കുവോക്കു നീ കല്പകമല്ലേ ?

മാതാവേ നീ ജയിച്ചാലും—നിൻെറ
മാഹാത്മ്യമെങ്ങും വിളങ്ങട്ടെ മേലും.

നിന്നെ സ്തുതിക്കുന്നു ഞങ്ങൾ—നിന-
ക്കെന്നും വളരട്ടെ നന്മംഗളങ്ങൾ.

പാക്കിൽ നിനക്കെന്തു ഹാനി ?—നിന്നെ-
ക്കാക്കുന്നു "ചിത്ര"സ്വപൻ തിരുമേനി.

തൻപ്രജകൾക്കെല്ലാം നിത്യം—ശുഭ-
മൻപിൽ വളപ്പതീ മന്നൻെറ കൃത്യം.

കാത്താലുമിത്തമ്പുരാനെ—ബ്ഭവാൻ
കാരുണ്യശീല, വിഭോ, ഭഗവാനെ !

നാട്ടമരചനുമെന്നും—സുഖം
നേടുകിൽ ഞങ്ങൾക്കു വേണ്ട മറെറാന്നും.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi